പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 323** **12-10-2026-ൽ മറുപടിയ്ക്ക്**

**വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ)**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വികസിത് ഭാരത് - ഗ്യാരന്റി ഫോർ റോസ്ഗർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി നീർത്തടാടിസ്ഥാനത്തിൽ മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ, അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുടെ ഭൂമിയിൽ പ്രവൃത്തികൾ നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

**മറുപടി:** ഉണ്ട്; വി.ബി.-ജി റാം ജി നിയമം 2025 പട്ടിക ഖണ്ഡിക 6 പ്രകാരം ചെറുകിട-നാമമാത്ര കർഷകരെ നിശ്ചയിക്കുന്നതിന് വേണ്ട മാനദണ്ഡം കേന്ദ്ര സർക്കാർ ലഭ്യമാക്കും എന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ആയതു ലഭ്യമായിട്ടില്ല. ടി മാനദണ്ഡം ലഭ്യമാക്കുന്നതിനായി 26.09.2026-ലെ NREGA/1380/2025-C3 നമ്പർ പ്രകാരം മിഷൻ ഡയറക്ടർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് അവിദഗ്ധ വേതനം നൽകുന്ന മാതൃകയിൽ മെറ്റീരിയലുകൾക്ക് ആവശ്യമായ തുക ട്രഷറി വഴി മുൻകൂറായി അനുവദിക്കുന്നതിന് ആലോചനയുണ്ടോ; ഫണ്ട് വൈകി എത്തുന്നതുമൂലം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണക്കാരെ ലഭിക്കാതെ പ്രവൃത്തികൾ തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വി.ബി.-ജി റാം ജി പദ്ധതി പ്രകാരം മെറ്റീരിയൽ ഇനത്തിൽ കേന്ദ്രസർക്കാർ 297.94 കോടി രൂപയും സംസ്ഥാന സർക്കാർ 198. 62 കോടി രൂപയും ഉൾപ്പെടെ ആകെ 496.56 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകളിലെ DDO -മാർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾക്ക് നിലവിൽ ലഭ്യമാകുന്ന മെറ്റീരിയൽ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നിശ്ചയിച്ച് വിതരണക്കാരെ ചുമതലപ്പെടുത്താവുന്നതും ലഭ്യമായ അലോട്ട്മെന്റിൽ നിന്നും തുക വിതരണക്കാർക്ക് നൽകി കാലതാമസം ഒഴിവാക്കാവുന്നതും ആണ്

**(സി)** 2026-27 കാലയളവിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അനുവദിച്ച വികസനഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ എത്ര വീതമാണെന്നും അനുവദിച്ച ഫണ്ടുകൾ സമയബന്ധിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

**മറുപടി:** 2026-27 കാലയളവിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**(ഡി)** കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസിൽ ഇളവ് വരുത്താൻ ആലോചനയുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** ഇക്കാര്യം പരിശോധിച്ചു വരുന്നു.

**(ഇ)** കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം ലഭിക്കുന്ന തുക എത്രയാണ് വിശദമാക്കാമോ;

**മറുപടി:** വിവരം ശേഖരിച്ചു വരുന്നു

**(എഫ്)** ഷൊർണ്ണൂർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും 2024-25, 2025-26, 2026-27 വർഷങ്ങളിൽ അനുവദിച്ച വികസന ഫണ്ട് എത്രയാണെന്ന് വിശദമാക്കാമോ?

**മറുപടി:** ഷൊർണ്ണൂർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനത്തിനും 2024-25, 2025-26, 2026-27 വർഷങ്ങളിൽ അനുവദിച്ച വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തദ്ദേശ ത്തിന്റെ പേര് സ്ഥാപന | 2024 -25 Amount in lakhs | 2025-26 Amount in lakhs | 2026-27 Amount in lakhs |
|---|---|---|---|
| Shornur Muncipality | 691.58 | 498.42 | 262.59 |
| Cherpulassery Muncipality | 499.66 | 424.30 | 227.59 |
| Ananganadi Grama Panchayath | 260.93 | 180.89 | 115.65 |
| Chalavara Grama Panchayath | 258.53 | 206.98 | 123.09 |
| Nellaya Grama Panchayath | 336.66 | 233.15 | 152.18 |
| Thrikkadeeri Grama Panchayath | 229.67 | 177.11 | 101.36 |
| Vaniyamkulam Grama Panchayath | 441.56 | 319.93 | 164.63 |
| Vellinezhi Grama Panchayath | 199.29 | 165.39 | 88.14 |
| Total | 2917.88 | 2206.17 | 1235.23 |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം – 1

**(തുക ലക്ഷത്തിൽ)**

| ക്രമ നം. | തരം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | ആകെ | ഉത്തരവ് |
|---|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട്, | 124206.33 | 29611.553 | 31068.04 | 39220.822 | 26016.533 | **250123.27** | 6311/2026 dated 06.08.2026, 6348/2026 dated 07.08.2026 |
| 2 | മെയിന്റനൻസ് ഫണ്ട് | 22903.18 | 41748.37 | 34807.35 | 13404.86 | 174848.68 | **287712.44** | 4669/2026 dated 29.05.2026, 7160/2026 dated 16.09.2026 |
| 3 | ജനറൽ പർപ്പസ് ഫണ്ട് | 110203.68 | 7522.74 | 5289.90 | 21247.26 | 15063.90 | **159327.48** | 4688/2026 dated 30.05.2026, 5861/2026 dated 21.07.2026, 6072/2026 dated 28.07.2026, 6246/2026 dated 04.08.2026, 6611/2026 dated 20.08.2026, 7163/2026 dated 16.09.2026 |
| | **ആകെ** | **257313.19** | **78882.67** | **71165.29** | **73872.9** | **215929.11** | **697163** | |